| 17-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, നിങ്ങൾക്ക് വായിലൂടെ ഒന്നും തന്നെ പറയേണ്ടതില്ല. സത്യമായ ഹൃദയത്തോടെ ഒരു ബാബയെ നിരന്തരം ഓർമ്മിച്ചാൽ മതി, സത്യമായ ഹൃദയത്തിൽത്തന്നെയാണ് ഈശ്വരൻ സംപ്രീതനാകുന്നത്.**

**ചോദ്യം** – ഏറ്റവും നല്ല സ്വഭാവം ഏതാണ് ? ഏതൊരു ദേവതാ പെരുമാറ്റം നിങ്ങൾക്ക് ധാരണ ചെയ്യണം?
**ഉത്തരം** – സദാ ഹർഷിതരായിരിക്കുക ഏറ്റവും നല്ല സ്വഭാവമാണ്. ദേവതകൾ സദാ ഹർഷിതരായിരിക്കുന്നു, അട്ടഹസിച്ച് ചിരിക്കുകയില്ല. ഉറക്കെ ചിരിക്കുന്നതും ഒരു വികാരമാണ്. നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുടെ ഗുപ്തമായ സന്തോഷമുണ്ടായിരിക്കണം. മമതയുടെ സംസ്കാരവും വളരെ നഷ്ടമുണ്ടാക്കുന്നതാണ്. സേവനത്തിന്റെ സഫലതക്കുവേണ്ടി അനാസക്തവൃത്തി വേണം. നാമ-രൂപത്തിന്റെ ദുർഗന്ധം ഒട്ടും തന്നെ ഉണ്ടാകരുത്. ബുദ്ധി വളരെ സ്വച്ഛമായിരിക്കണം. ഇതേ ധാരണയോടുകൂടി സേവനം ചെയ്യുകയാണെങ്കിൽ, മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുകയാണെങ്കിൽ മുഖം ഹർഷിതമായിരിക്കും.

**ഗീതം** –അങ്ങ് ഞങ്ങളിൽനിന്നും വേറിടുന്നില്ല...

**ഓം ശാന്തി** – കുട്ടികൾക്കറിയാം അതും യഥാക്രമം പുരുഷാർത്ഥമനുസരിച്ച്, എന്തെന്നാൽ, പറയാറുണ്ട് സത്യമായ ഹൃദയത്തിൽ ഈശ്വരൻ പ്രീതിപ്പെടുന്നു. ഹൃദയവും ആത്മാവിലാണല്ലോ. അതുകൊണ്ട് സത്യമായ സാഹിബിനെ ഓർമ്മിക്കുന്നതിലൂടെ സുഖം ലഭിക്കും. ഓർമ്മ അർത്ഥം ഉള്ളിൽ ബാബയെ ഓർമ്മിക്കുക. ജപിക്കുന്നു സാഹേബിനെയാണ്. ജപത്തിന്റെ അർത്ഥം വായിലൂടെ എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കുക എന്നതല്ല. അല്ല, ഓർമ്മിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ വളരെ സുഖം ലഭിക്കും. മറ്റുള്ളവരെക്കൂടി തനിക്കുസമാനമാക്കി മാറ്റണം. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നതും വളരെ സഹജമാണ്. എങ്ങിനെയാണോ സത്യമായ പതിവ്രതയായ സ്ത്രീ തന്റെ പതിയെയല്ലാതെ മറ്റാരെയും സ്നേഹിക്കില്ല, അതുപോലെ ആത്മാവിനും ആ പാരലൗകിക പരിധിയില്ലാത്ത ബാബയെ സത്യമായ ഹൃദയത്തോടെ ഓർമ്മിക്കണം. എങ്ങനെയാണോ പ്രിയതമയുടേയും പ്രിയതമന്റേയും സ്നേഹം പോലെ, അവർ പരസ്പരം നാമ രൂപത്തിലാണ് ആകർഷിക്കപ്പെടുന്നത്. വികാരത്തിന്റെ കാര്യം ഉണ്ടാകുന്നില്ല. പ്രിയതമൻ പ്രിയതമയേയും, പ്രിയതമ പ്രിയതമനേയും ഓർമ്മിക്കുന്നു. വേറെ എവിടേയും ബുദ്ധി പോകില്ല. ജോലി മുതലായവ ചെയ്യുമ്പോഴും മനസ്സ് ഒന്നിനോടൊപ്പമായിരിക്കും. അത് പവിത്രമായ ഓർമ്മയാണ്. ശരീരവും ബുദ്ധിയും അപവിത്രമാകുന്നില്ല. അവർക്കും മഹിമയുണ്ട്, പക്ഷേ ഇങ്ങിനെയുള്ളവർ വളരെ കുറച്ചേയുള്ളു. ഈ ജ്ഞാനത്തിലും സത്യമായ പ്രിയതമകൾ കുറവേയുള്ളു. മായ മൂക്കിനു പിടിക്കുന്നു. അംഗദന്റെ ഉദാഹരണം കാണിച്ചിട്ടുണ്ട്. രാവണൻ പറഞ്ഞു – ഇവൻ അനങ്ങുമോ ഇല്ലയോ എന്ന് നോക്കട്ടെ. നല്ല മഹാരഥികളെപ്പോലും മായ പിടിക്കുന്നു. എങ്ങിനെയാണോ എലി കടിക്കുന്നതും നശിപ്പിക്കുന്നതും അറിയുകപോലും ഇല്ല. അതേപോലെ മായയും സൂത്രശാലിയാണ്. ആരെങ്കിലും നിയമവിരുദ്ധമായ പെരുമാറ്റത്തിലൂടെ നടക്കുന്നുവോ അപ്പോൾ ഉള്ളിൽനിന്നുതന്നെ ബുദ്ധിയെ ഗുപ്തമായി പൂട്ടുന്നു. ഇതെല്ലാം മനസ്സിലാക്കുന്നതിന് നല്ല ബുദ്ധി വേണം. ബാബയെ ഓർമ്മിക്കുന്നതിനുള്ള അഭ്യാസം വേണം. ബാബയിൽ പൂർണ്ണമായും സ്നേഹം വേണം.

നിങ്ങൾക്ക് അനാസക്തരായി സർവ്വീസ് ചെയ്യണം. ആരെങ്കിലും എത്ര നല്ല കുട്ടികളാണെന്നിരിക്കട്ടെ അവരുടെ നാമരൂപത്തിൽ കുടുങ്ങിപ്പോകരുത്. ഇതിൽ നഷ്ടം വളരെ ഉണ്ടാകും. ബാബ പറയുന്നു, സ്വയത്തെ അശരീരി ആത്മാവെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. സ്വയത്തെ ശുദ്ധമാക്കി വെക്കൂ. നിങ്ങൾ ശിവബാബയുടേതായി മാറുന്നു, ബാബ നിങ്ങളെ ശുദ്ധമാക്കി മാറ്റുന്നു. വികാരങ്ങളെ പുറത്തുകളയണം. നിങ്ങളുടെ പേരു തന്നെ ശിവശക്തികൾ എന്നാണ്. നിങ്ങൾക്ക് സർവ്വശക്തിവാനിൽ നിന്ന് ശക്തി ലഭിക്കുന്നു. അപ്പോൾ നല്ലരീതിയിൽ ബാബയോട് യോഗം വെക്കണം. ബാബ പറയുന്നു, നിരന്തരം ഓർമ്മിക്കുക എന്നത് ചിറ്റമ്മയുടെ വീട് പോലെയല്ല. ഭോജനം കഴിക്കുന്ന സമയം എത്ര പ്രയത്നിക്കുന്നു പിന്നെയും മറന്നുപോകുന്നു. വളരെ പ്രയത്നിക്കുന്നുണ്ട് – മുഴുവൻ ദിവസവും ബാബയുടെ ഓർമ്മയിൽ കഴിക്കണം, കാരണം ബാബ വളരെ സ്നേഹിയാണ്, എന്തുകൊണ്ട് ബാബയെ ഓർമ്മിച്ചു കഴിച്ചുകൊണ്ട് കൂടെയിരുന്നുകൂടാ. എന്നാലും ഇടക്കിടക്ക് മറന്നുപോകുന്നു. ഭക്തിമാർഗ്ഗത്തിലും ബുദ്ധി മറ്റെവിടെയെങ്കിലും അലഞ്ഞുകൊണ്ടിരിക്കും. ഇതാണെങ്കിൽ ജ്ഞാനത്തിന്റെ കാര്യമാണ്. ഈ കാര്യങ്ങളെ കുട്ടികൾ പൂർണ്ണമായും മനസ്സിലാക്കുന്നില്ല. ചില കുട്ടികൾ ഇപ്പോഴും നിലത്ത് ഇഴഞ്ഞുകൊ

ണ്ടിരിക്കുന്നു. അഥവാ നിരന്തരം യോഗത്തിലിരിക്കുകയാണെങ്കിൽ അപ്പോൾ മനസ്സിലാക്കാൻ സാധിക്കും ഇപ്പോൾ കർമ്മാതീത അവസ്ഥ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ ഓർമ്മ നിലനിൽക്കുന്നില്ല, വളരെ യുദ്ധം നടക്കുന്നു. ബാബ കാണുന്നുണ്ട് പലരുടേയും ബുദ്ധിയോഗം അലഞ്ഞുതിരിയുന്നു. അശരീരിയായി മാറുന്നതിൽ പരിശ്രമിക്കണം. സത്യം പറയുന്നവർ വളരെ കുറവേയുള്ളു, പറയുന്നതിൽ ലജ്ജ തോന്നുന്നു. മായ വളരെ പ്രബലനാണ്. ഒറ്റയടിക്ക് തല തിരിപ്പിക്കുന്നതിൽ വൈകില്ല. നമ്മൾ ബാബയുടെ കുട്ടികൾ തന്നെയാണ് എന്ന് പറയുന്നതിൽ കാര്യമില്ല. യുക്തികളും പറഞ്ഞുതരുന്നുണ്ട്. ആദ്യം കർമ്മാതീത അവസ്ഥയിലേക്ക് പോകണം. പിന്നീടാണ് നമ്പർ അനുസരിച്ച് പദവി. ബാബക്കറിയാം – കുട്ടികളെ മായ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഓർമ്മ നിലനിർത്താൻ സമ്മതിക്കില്ല. വളരെ പേരുടെ അവസ്ഥ കാണുന്നുണ്ട്. നാമരൂപത്തിൽ കുടുങ്ങിപ്പോകുന്നു. സ്വയത്തെ അശരീരിയാണെന്ന് മനസ്സിലാക്കുന്നതിന്റെ അഭ്യാസം ചെയ്യണം. എന്തെന്നാൽ വളരെ സമയംകൊണ്ട് അശരീരിയാണെന്ന് മനസ്സിലാക്കിയിട്ടില്ല. സത്യയുഗത്തിൽ ഞാൻ ആത്മാവാണെന്നും എനിക്ക് ഈ പഴയ ശരീരം ഉപേക്ഷിച്ച് പുതിയത് എടുക്കണം എന്ന ജ്ഞാനം പൂർണ്ണമായും ഉണ്ടാകും. സാക്ഷാത്കാരവും ഉണ്ടാകുന്നു. പരോക്ഷമായും പ്രത്യക്ഷമായും മനസ്സിലാക്കുന്നു– ഇപ്പോൾ ശരീരത്തിന്റെ ആയുസ്സ് പൂർത്തിയായി. ചിലർ മരിക്കാറാകുമ്പോൾ പറയാറുണ്ട് എനിക്ക് ഇങ്ങിനെ തോന്നുകയാണ് ഇപ്പോൾ മരിക്കും, ഇരിക്കാൻ സാധിക്കുന്നില്ല. അവിടെ പിന്നെ മനസ്സിലാക്കും ഇപ്പോൾ ശരീരം പ്രായമായി ഇതിനെ ഇപ്പോൾ ഉപേക്ഷിക്കണം. തന്റെ സമയത്ത് സന്തോഷത്തോടെ ഉപേക്ഷിക്കുന്നു. ആത്മാവിന്റെ ജ്ഞാനം പൂർണ്ണമായും ഉണ്ട്. ബാബയുടെ ജ്ഞാനം ഒട്ടുംതന്നെയില്ല, ഡ്രാമയിലും ഇല്ല. അവിടെ എന്തിന് ബാബയെ ഓർമ്മിക്കണം. ആവശ്യം തന്നെയില്ല. ഇവിടെയാണെങ്കിൽ ദു:ഖത്തിൽ മനുഷ്യർ ഓർമ്മിക്കുന്നു. നിങ്ങൾക്ക് പിന്നെ സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയോട് യോഗം വെക്കണം. ഈ ശരീരം പഴയതാണ്. ഇതിനോട് വൈരാഗ്യം വരണം. എത്രതന്നെ സുന്ദരമായ ശരീരമായിക്കോട്ടെ, പക്ഷെ നിയമപ്രകാരം ആത്മാവ് കറുത്തതാണ്. ഇതെല്ലാം ബുദ്ധികൊണ്ട് മനസ്സിലാക്കേണ്ട കാര്യമാണ്. ശരീരം എല്ലാവരുടേയും കറുത്തതാകില്ല. കാറ്റിനും വെള്ളത്തിനുമനുസരിച്ചായിരിക്കും. എവിടെയാണോ കൂടുതൽ തണുപ്പുണ്ടാകുന്നത്, അവിടെ കൂടുതൽ വെളുത്ത മനുഷ്യരായിരിക്കും. അപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു – ബുദ്ധിയുടെ യോഗം ഒന്നിനോട് വെക്കണം. ലൗ മാര്യേജ് ചെയ്യുന്നപോലെ. ഇതും നിങ്ങളുടേത് ആത്മാവിന്റെ ലൗ മാര്യേജ് ആണ്. പിന്നീട് ഈ ദേഹത്തോടുപോലും സ്നേഹം ഉണ്ടാവുകയില്ല. തന്റെ ദേഹത്തോട് സ്നേഹം ഇല്ലായെങ്കിൽ മറ്റുള്ളവരുടെ ദേഹത്തോട് എന്തു സ്നേഹം വെക്കാനാണ്. ലോകത്തിൽ വെളുത്തതും കറുത്തതുമായ മുഖത്തോടുകൂടിയവരുണ്ട്. ചിലരാണെങ്കിൽ കാണാതെ വിവാഹനിശ്ചയം ചെയ്യും, പിന്നീട് മുഖം കാണുമ്പോൾ പറയും ഇങ്ങനെ കറുത്തതിനെ എനിക്ക് വേണ്ട. പിന്നീട് വഴക്കുണ്ടാക്കുന്നു – ഞങ്ങൾക്ക് പൈസ കൊണ്ട് എന്തുചെയ്യാനാണ്. ഞങ്ങൾക്ക് സൗന്ദര്യം വേണം.

ഇപ്പോൾ നിങ്ങൾക്കറിയാം– നമ്മൾ ആത്മാവാണ്. ഈ പഴയ ശരീരത്തോട് മോഹം വെക്കേണ്ടതില്ല. ഇത് വികാരി സംബന്ധമല്ലേ. ലോകത്തുള്ളവരുടെ കാര്യങ്ങളിൽനിന്നും നമ്മുടെ കാര്യങ്ങൾ വ്യത്യസ്തമാണ്. ഇപ്പോൾ നിങ്ങളുടെ കറുത്ത ആത്മാവിന്റെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുകയാണ്, വെളുത്ത യാത്രികനുമായി. അറിയാമല്ലോ ഈ ലോകത്തിലെ എല്ലാവരുടെ ആത്മാക്കളും കറുത്തതാണെന്ന്. വെളുത്തവനോട്(ബാബ) സംബന്ധം വെച്ച് ആത്മാവിനെ വെളുത്തതാക്കി മാറ്റണം. ഇതിന് വളരെ നല്ല യോഗം വേണം. കറുപ്പായിരിക്കുന്നതിലൂടെ ഒന്ന്, ശിക്ഷകൾ അനുഭവിക്കേണ്ടതായിവരും, പിന്നെ പദവിയും ഭ്രഷ്ടമാകും. ഇവിടെ ആരുടെ നാമരൂപത്തിലും കുടുങ്ങരുത്. വളരെ ഡിസർവ്വീസ് ഉണ്ടാകുന്നു. അതുകൊണ്ട് ബാബ മനസ്സിലാക്കിത്തരുന്നു ശ്രദ്ധിച്ചിരിക്കൂ, നിങ്ങൾ മായയുടെ ചക്രത്തിലേക്ക് വന്നിരിക്കുന്നു, പക്ഷേ മനസ്സിലാക്കുന്നില്ല. പക്ഷെ തലയിലെഴുത്ത് വിടുന്നില്ല. തന്റെ പദവി ഭ്രഷ്ടമാകുന്നു. ബാബ പറയുന്നു – യോഗാഗ്നിയിലൂടെ തന്റെ ആത്മാവിനെ പവിത്രമാക്കി മാറ്റണം. ഇത് ഭട്ടിയാണ്. ബാബയോടൊപ്പം യോഗം വെക്കണം. മറ്റ് വശത്തേക്ക് ബുദ്ധി പോവുകയാണെങ്കിൽ വ്യഭിചാരിയായി. സർവ്വീസ് ചെയ്യാൻ സാധിക്കില്ല. പദവിയും എടുക്കാൻ കഴിയില്ല. യോഗാഗ്നിയിലൂടെത്തന്നെയേ കറ കളയാൻ സാധിക്കുകയുള്ളു. യോഗം ഉണ്ടെങ്കിൽ ജ്ഞാനവും നിലനിൽക്കും.

ബാബ രൂപവുമാണ്, ബസന്തുമാണ്. നിങ്ങൾ കുട്ടികളും എത്രത്തോളം രൂപ് ആകുന്നുവോ അത്രയും ജ്ഞാനത്തിന്റെ ധാരണയുണ്ടാകും. ആദ്യം ആത്മാവിനെ പവിത്രമാക്കി മാറ്റണം. യോഗം യോഗം എന്ന് പറയുന്നുണ്ടെങ്കിലും നിങ്ങളിലും ചിലർ യോഗത്തിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. യോഗമില്ലാതെ സ്വയത്തെയോ ഭാരതത്തെയോ പവിത്രമാക്കി മാറ്റാൻ സാധിക്കില്ല. സർവ്വീസും ചെയ്യുന്നുണ്ട് സെന്ററും തുറക്കുന്നുണ്ട് പക്ഷേ മായ മൂക്കിന് പിടിക്കുന്നു. അഹംകാരം വരികയാണ് – ഞങ്ങൾ ഇത്രയും സെന്റർ തുറന്നു. ദേഹാഭിമാനം വരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു, സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി

ബാബയോട് യോഗം വെക്കൂ. ഒരു വികർമ്മവും ഉണ്ടാകരുത് അഥവാ ബാബയെ മറന്ന് ഏതെങ്കിലും നാമരൂപത്തിൽ കുടുങ്ങുകയാണെങ്കിൽ വളരെ നഷ്ടം ഉണ്ടാകും. ഇത് ഉയർന്ന ലക്ഷ്യമാണ്. വിശ്വത്തിന്റെ അധികാരിയായി മാറുക കുറഞ്ഞ കാര്യമാണോ? ബാബക്ക് എത്ര മഹിമയാണ്. എത്ര ക്ഷേത്രങ്ങളാണ് ഉണ്ടാക്കുന്നത്, ബാബയുടെ പേരിൽ. നിങ്ങൾക്കറിയാമോ സോമനാഥന്റെ ക്ഷേത്രം എപ്പോഴാണ് ആരാണ് ഉണ്ടാക്കിയതെന്ന്. ക്ഷേത്രങ്ങളും നമ്പറനുസരിച്ചാണ് ഉണ്ടാക്കുന്നത്. സോമനാഥന്റെ ശേഷം പിന്നീട് ലക്ഷ്മീനാരായണന്റെ അഥവാ ജഗദംബയുടെ ക്ഷേത്രമാണ്. മനുഷ്യർക്കറിയില്ല സോമനാഥന്റെ ക്ഷേത്രം ആരാണ് ഉണ്ടാക്കിയതെന്ന്. ബാബയാണെങ്കിൽ നിരാകാരനാണ്. നിരാകാരന്റെ പൂജാരി നിരാകാരനായ ശിവനെത്തന്നെയേ പൂജിക്കൂ. പക്ഷേ അറിയുന്നില്ല. നിങ്ങൾ കുട്ടികളിലും നമ്പർവാർ ആണ്. രാവും പകലും സർവ്വീസിന്റെ ചിന്ത തന്നെയാണ് ഉണ്ടാകുന്നത്. ദേഹാഭിമാനം ഇല്ലാതാകുമ്പോഴേ പൂർണ്ണമായും ചിന്തയുണ്ടാവുകയുള്ളൂ. ദേഹി അഭിമാനിയായി മാറണം. ബാബയോട് പൂർണ്ണമായും യോഗം വെക്കണം. ബാബയോട് പൂർണ്ണമായും ബഹുമാനം വെക്കുക എന്നത് ചിറ്റമ്മയുടെ വീടുപോലെയല്ല. മായയുടെ ഭൂതം യോഗം മുറിച്ചുകളയും. ഇത് ബാബക്കേ അറിയൂ. എത്രപേരാണ് ഇങ്ങിനെ ലോല മനസ്കരായി, എന്തെങ്കിലും പറയുമ്പോഴേക്കും കുലദ്രോഹി ആയിമാറി തിരിഞ്ഞുപോകുന്നത്. അവർ പിന്നെ അവരുടെ ഭാഗ്യത്തെ മോശമാക്കി മാറ്റുകയാണ്. ആശ്ചര്യത്തോടെ ബാബയുടേതായിമാറി പിന്നീട് ഓടിപ്പോകുന്നു. ഡിസ്സർവ്വീസ് ചെയ്യാൻ തുടങ്ങുന്നു. ഭാഗവതത്തിലും പറയുന്നുണ്ട് – അമൃത് കുടിച്ച് കുടിച്ച് ദ്രോഹിയായി മാറി പിന്നീട് ഉപദ്രവിക്കുന്നു. ബാബക്ക് എത്ര ചിന്തയാണുള്ളത് – ഇയാൾ അപക്വമാണ്, ഏതുസമയത്തും ദ്രോഹിയായിമാറി പ്രശ്നം ഉണ്ടാക്കിക്കൊണ്ടിരിക്കും. പിന്നീട് എത്ര സ്ത്രീകളുടെ മേലാണ് അത്യാചാരം ഉണ്ടാകുന്നത്. മറ്റുള്ള സത്സംഗത്തിൽ അത്യാചാരം ഉണ്ടാകുമോ? ഇവിടത്തെ ആദ്യത്തെ കാര്യമാണ് വിഷത്തെ (വികാരം) ഉപേക്ഷിക്കുന്നതിന്റെ. വിഷം ഉപേക്ഷിക്കുകയില്ല.

പറയാറുണ്ട് ഇന്നയാൾ സ്വർഗ്ഗത്തിലേക്ക് പോയി. പക്ഷേ സ്വർഗ്ഗം എന്താണെന്നുപോലും അറിയില്ല. അർത്ഥം അറിയാതെ പറയുകയാണ്. ഇപ്പോൾ എത്ര വിവേകശാലിയായിരിക്കുന്നു. ബാബക്കറിയാം ആരൊക്കെയാണ് നല്ല നല്ല പൂക്കൾ. ചിലരുണ്ട് നാമരൂപത്തിൽ കുടുങ്ങുന്നതിന്റെ ദുർഗന്ധം ഇല്ലാത്തവർ. ജ്ഞാനമല്ലാതെ മറ്റൊരു കാര്യവും ഇല്ല. യോഗവും പൂർണ്ണമായും വേണം. ചിലർ ആദ്യം മുതൽതന്നെ കറുത്തതാണ്. വീണ്ടും കറുത്തുകൊണ്ടുതന്നെയിരിക്കും. ഈ സൈന്യത്തിൽ ആനകളുടെയും സൈന്യമുണ്ട്, സിംഹ–സിംഹിണിമാരുടെ സൈന്യവും ഉണ്ട്, കുതിരകളുടേതുമുണ്ട്, ആടുകളുടേതുമുണ്ട്. എല്ലാം ഉണ്ട്. പെരുമാറ്റത്തിലൂടെ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും – ഇത് ചെമ്മരിയാടിനെപ്പോലെയാണ്. ഒന്നുംതന്നെ മനസ്സിലാക്കുന്നില്ല. ബുദ്ധിയിൽ ഇരിക്കുന്നുപോലും ഇല്ല, എരുമയുടെ ബുദ്ധിപോലെയാണ്. ബാബ എത്ര സഹജമായി പറഞ്ഞുതരുന്നു – നിങ്ങൾ ആത്മാവാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കാൻ സാധിക്കില്ലേ. ഹേ ആത്മാക്കളേ, നിങ്ങൾ എല്ലായിടത്തുനിന്നും ബുദ്ധിയോഗത്തെ മാറ്റി എന്നെ ഓർമ്മിക്കൂ. നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കില്ലേ? മറ്റ് മിത്രസംബന്ധികളെ ഓർമ്മിക്കുന്നുണ്ട്, എന്നെ ഓർമ്മിക്കുന്നതിൽ എന്താണ് വിഷമമുള്ളത്? പറയുന്നു– ബാബാ മായ ബുദ്ധിയോഗം മുറിച്ചുകളയുന്നു. അപ്പോൾ സമ്പത്ത് നഷ്ടപ്പെടുത്തും. നിങ്ങൾ ബുദ്ധിയോഗം പൂർണ്ണമായും യോജിപ്പിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. അച്ഛനെ എപ്പോഴെങ്കിലും മറക്കാറുണ്ടോ? ദേഹാഭിമാനിയായി മാറുമ്പോഴാണ് നിങ്ങൾ മറക്കുന്നത്. നിങ്ങളോട് ഇടക്കിടക്ക് മനസ്സിലാക്കിത്തരുന്നുണ്ട് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ ബാബയെ ഓർമ്മിക്കൂ. ജപിക്കേണ്ട, ശബ്ദവും ഉണ്ടാക്കേണ്ടതില്ല. നിങ്ങൾക്ക് ശബ്ദത്തിന്നുപരി പോകണം. രാമ രാമ എന്ന് വായിലൂടെ പറയുമ്പോൾ ദേഹാഭിമാനം വരും. ഉള്ളിൽ സ്മരിക്കണം. കേവലം കർമ്മേന്ദ്രിയങ്ങളുടെ ആധാരം എടുത്ത് ഞാൻ ആത്മാവാണ് എന്ന് ശാന്തിയിലിരുന്നുകൊണ്ട് ബാബയെ ഓർമ്മിക്കണം. ബാബ ജ്ഞാനസാഗരനാണ്, നോളേജ്ഫുൾ ആണ്. അവരിൽ മുഴുവൻ അറിവും ഉണ്ട്. നിങ്ങളേയും പഠിപ്പിക്കുന്നു. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പവിത്രമായി മാറുന്നു. പവിത്രതയുടെ കിരീടം ലഭിക്കും. സൃഷ്ടിചക്രത്തെ അറിയുന്നതിലൂടെ രത്നങ്ങൾ കൊണ്ടലങ്കരിച്ച കിരീടവും ലഭിക്കും. ഡബിൾ കിരീടധാരിയായി മാറും. ഓർമ്മയിലൂടെത്തന്നെയാണ് വികർമ്മങ്ങൾ വിനാശമാവുക. ഇല്ലെങ്കിൽ ധർമ്മരാജന്റെ ശിക്ഷ അനുഭവിക്കേണ്ടതായി വരും. പദവിയും ഭ്രഷ്ടമാകും അതുകൊണ്ട് ബാബയെ ഓർമ്മിക്കണം. പിന്നീട് ഗുപ്തമായ സന്തോഷവും വേണം. ഉറക്കെ ചിരിക്കരുത്. ലക്ഷ്മീനാരായണനെ ഹർഷിതമുഖരെന്ന് പറയുന്നു. ഹർഷിതമുഖരായിരിക്കുന്നതും ചിരിക്കുന്നതും വ്യത്യസ്തങ്ങളായ കാര്യങ്ങളാണ്. ഹർഷിതമുഖരായിരിക്കുന്നതിലൂടെ ആ ഗുപ്തമായ സന്തോഷം ഉണ്ടായിരിക്കും. ശബ്ദത്തോടെ ചിരിക്കുന്നത് മോശമായ കാര്യമാണ്. ഹർഷിതമായിരിക്കുന്നത് ഏറ്റവും നല്ലതാണ്. ശബ്ദത്തോടുകൂടി ചിരിക്കുന്നതും ഒരു വികാരമാണ്. അതും ഉണ്ടാകരുത്. സന്തോഷം മുഖത്തിൽ വരണം. തനിക്കുസമാനമാക്കി മാറ്റുമ്പോഴേ അതു വരികയുള്ളൂ. സർവ്വീസ് തന്നെ സർവ്വീസ്. സർവ്വീസ് ലഭിച്ചതും ഓടി, വേറെ ഒരു കാര്യവും ഇല്ല.

നിങ്ങൾ കുട്ടികൾ സർവ്വീസ് ചെയ്യുന്നുണ്ട്, മുള്ളുകളെ മൊട്ടാക്കി മാറ്റുന്നതിന്റെ. ബാബ കുട്ടികൾക്ക് നല്ല നല്ല പോയിന്റ്സ് പറഞ്ഞുതരുന്നു. ഇത് ബാബ തന്നെയാണ് കേൾപ്പിക്കുന്നത് എന്ന നിശ്ചയം ഉണ്ടായിരിക്കണം. ബ്രഹ്മാബാബയും പറയാറുണ്ട് എന്റെ മഹിമ ചെയ്യരുത്. മഹിമ മുഴുവൻ ശിവബാബയുടേതാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മാജിത്തായി മാറും. വളരെ സഹജമായ കാര്യമാണ്. ഓർമ്മിക്കുകയും വേണം, ചക്രം കറക്കുകയും വേണം. സ്വദർശനചക്രധാരി അവസാനമേ ആവുകയുള്ളു, നമ്പർവാർ. ശരി..

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ബാബയെ കൂടെ വെക്കുന്നതിനുള്ള യുക്തി രചിക്കണം. ഭോജനം കഴിക്കുമ്പോൾ ഓർമ്മയിലിരിക്കണം. അശരീരിയായി മാറുന്നതിന്റെ അഭ്യാസം ചെയ്യണം. തന്റെ പഴയ ദേഹത്തോടും സ്നേഹം വെക്കരുത്.

2. ബാബയെ പൂർണ്ണമായും ബഹുമാനിക്കണം. അഹങ്കാരത്തിലേക്ക് വരരുത്. നാമരൂപത്തിന്റെ അസുഖത്തിൽനിന്ന് സദാ ദൂരെയിരിക്കണം. ജ്ഞാനയോഗത്തിൽ മുഴുകിയിരിക്കണം.

## വരദാനം - സർവതും ബാബയെ ഏൽപിച്ച് സംഗമയുഗീ ചക്രവർത്തിപദത്തിന്റെ അനുഭവം ചെയ്യുന്ന അവിനാശി രാജതിലകത്തിന് അധികാരിആത്മാവായി ഭവിക്കട്ടെ

ഇന്നത്തെക്കാലത്തെ ചക്രവർത്തിപദവി അഥവാ ധനം ദാനം ചെയ്യുന്നതിലൂടെ ലഭിക്കുന്നതോ വോട്ടുകളിലൂടെ ലഭിക്കുന്നതോ എന്നാൽ താങ്കൾ കുട്ടികൾക്ക് സ്വയം ബാബ രാജതിലകം നൽകി. നിശ്ചിന്തചക്രവർത്തി– ഇത് എത്ര നല്ല സ്ഥിതിയാണ്. സർവതും ബാബയ്ക്ക് ഏൽപിച്ചിരിക്കവേ പിന്നെ ചിന്തയാർക്കായിരിക്കും? ബാബയ്ക്ക്. എന്നാൽ ഇങ്ങനെയല്ല– അൽപാൽപം എവിടെയോ സ്വന്തം അധികാരത്തെ അഥവാ മൻമത്തിനെ ഒളിപ്പിച്ചിരിച്ചു വെക്കുക. അഥവാ ശ്രീമതത്തിലാണ് എങ്കിൽ ബാബയ്ക്ക് ഏൽപിക്കുക. ഇങ്ങനെ സത്യമായ ഹൃദയത്തോടെ എല്ലാം ബാബയ്ക്ക് ഏൽപിക്കുന്നവർ ഡബിൾലൈറ്റ്, അവിനാശി രാജതിലകത്തിന് അധികാരിയാകുന്നു.

## സ്ലോഗൻ - ഓരോരോ വാക്യവും മഹാവാക്യമാകട്ടെ, ഒരു സംസാരവും വ്യർഥമാകാതിരിക്കട്ടെ അപ്പോൾ പറയാം മാസ്റ്റർ സത്ഗുരു